എന്റെ Ellipta ഇൻഹേലർ

തയ്യാറാക്കൽ

ഡെസിക്കന്റ് സാച്ചെ ദൂരെ എറിയുക-

അത് തുറക്കുകയോ,

കഴിക്കുകയോ,

ശ്വസിക്കുകയോ ചെയ്യരുത്.

10 ഡോസുകളേക്കാൾ കുറവ് ശേഷിക്കുമ്പോൾ,

ഡോസ് കൗണ്ടറിന്റെ പകുതി ചുവപ്പായിരിക്കും,

അതിനാൽ,

മരുന്ന് തീരുന്നതിന് മുമ്പ് മറ്റൊരു

മറ്റൊരു കുറിപ്പടിക്ക് വേണ്ടി

നിങ്ങളുടെ ഡോക്ടറെ ബന്ധപ്പെടുക.

നിങ്ങൾ അവസാന ഡോസ് ഉപയോഗിച്ച് കഴിയുമ്പോൾ,

ഡോസ് കൗണ്ടറിന്റെ പകുതി ചുവപ്പായിരിക്കും.

കൂടാതെ നമ്പർ 0 പ്രദർശിപ്പിക്കും.

നിങ്ങളുടെ ഇൻഹേലർ ഇപ്പോൾ ശൂന്യമാണ്.

നിങ്ങളുടെ ഡോസ് എടുക്കാൻ നിങ്ങൾ തയ്യാറാകുന്നത് വരെ

കവർ തുറക്കരുത്.

ഓരോ പ്രാവശ്യം ഇത് തുറക്കുമ്പോഴും,

നിങ്ങൾ ഒരു ഡോസ് മരുന്ന് തയ്യാറാക്കുന്നു.

മൗത്ത് പീസ്

എയർ വെന്റ്

Ellipta ഇൻഹേലർ ഉപയോഗിക്കുന്നതിന്റെ പ്രധാന ഘട്ടങ്ങൾ:

തുറക്കുക

ശ്വാസം ഉള്ളിലേക്ക് എടുക്കുക

അടയ്ക്കുക

തുറക്കുക

ഒരു ക്ലിക്ക് ശബ്ദം

കേൾക്കുന്നത് വരെ കവർ താഴേക്ക് നീക്കുക.

സ്ഥിരീകരിക്കാൻ ഡോസ് കൗണ്ടർ ഒരു

പോയിന്റ് താഴേക്ക് നീങ്ങുന്നു.

ഇപ്പോൾ നിങ്ങളുടെ മരുന്നിന്റെ

ഒരു ഡോസ് എടുക്കാൻ നിങ്ങൾ തയ്യാറാണ്.

ഓരോ പ്രാവശ്യവും

കവർ ഒന്നിലധികം തവണ തുറക്കരുത്.

അങ്ങനെ ചെയ്താൽ,

നിങ്ങളുടെ മരുന്നിന്റെ ഒരു ഡോസ് പാഴാകും.

നിങ്ങളുടെ വിരലുകൾ കൊണ്ട്

എയർ വെന്റ് അടച്ചുപിടിക്കരുത്.

ശ്വാസം ഉള്ളിലേക്ക് എടുക്കുക

ഇൻഹേലർ നിങ്ങളുടെ വായിൽ നിന്ന് അകലെ പിടിച്ചുകൊണ്ട്,

കഴിയുന്നത്ര ശ്വാസം പുറത്തേക്ക് വിടുക.

ഇൻഹേലറിനുള്ളിലേക്ക് ശ്വാസം വിടരുത്.

ഒരു നീണ്ട,

ഇടമുറിയാത്ത, ആഴത്തിലുള്ള ശ്വാസം എടുക്കുക.

നിങ്ങളുടെ ശ്വാസം

കുറഞ്ഞത് 3 - 4 സെക്കന്റ് പിടിച്ചു നിർത്തുക.

നിങ്ങളുടെ മരുന്നിന് രുചിയില്ലാത്തതിനാൽ,

നിങ്ങൾക്ക് അത് രുചിക്കാനോ, അറിയാനോ കഴിയില്ല.

അടയ്ക്കുക

നിങ്ങളുടെ വായിൽ നിന്ന് ഇൻഹേലർ നീക്കം ചെയ്യുക.

മൃദുവായി പതുക്കെ ശ്വാസം വിടുക.

വേണമെങ്കിൽ,

കവർ അടയ്ക്കുന്നതിന് മുൻപ് ഉണങ്ങിയ

ടിഷ്യു ഉപയോഗിച്ച് മൗത്ത് പീസ് വൃത്തിയാക്കാം.

മൗത്ത് പീസ് അടയുന്നത് വരെ കവർ മുകളിലേക്ക് നീക്കുക.

നിങ്ങൾ മരുന്ന് ഉപയോഗിച്ച ശേഷം

വെള്ളം കൊണ്ട് വായ കഴുകുക.

വിഴുങ്ങരുത്. •